തലക്കുളത്ത് ഹെൽത്ത് സെൻററിലേക്കുള്ള നിയമനം

62. [80] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഹെൽത്ത് സെൻററിലേക്ക് അനുവദിക്കപ്പെട്ട് ഏതെങ്കിലും തസ്തികകളിൽ നിയമനം നടത്താതെ ഒഴിഞ്ഞുകിടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തലക്കുളത്തൂർ ആരോഗ്യ കേന്ദ്രത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 47 തസ്തികകളിൽ രണ്ടെണ്ണം ഒഴിഞ്ഞു കിടപ്പുണ്ട്. അവ

1. ക്ലാർക്ക് 1
2. മെഡിക്കൽ ആഫീസർ 1

(ബി) പ്രത്യേക കാരണങ്ങൾ ഒന്നും ഇല്ല. ഈ തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിറവം ഗവൺമെൻറാശുപത്രിയിൽ ഗൈനക്കോളജിസ്റ്റിൻെറ നിയമനം

63. [81] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം ഗവൺമെൻറാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് നിയമനം നടത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) പിറവം ഗവൺമെൻറാശുപത്രിയിൽ ഡോക്ടർമാരുടെ നാല് തസ്തികകളാണുള്ളത്. ഒരു ലേഡി ഡോക്ടർ ഉൾപ്പെടെ നാല് ഡോക്ടർമാർ ഇപ്പോൾ അവിടെ ജോലി നോക്കിവരുന്നു. ഗൈനക്കോളജിയിൽ പ്രത്യേക യോഗ്യതയുള്ള ഡോക്ടർമാരെ അവിടെ നിയമിച്ചിട്ടില്ല. ഒഴിവു വരുന്ന മുറയ്ക്ക് . ഈ ആവശ്യം പരിഗണിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഡോക്ടർമാർ ഇല്ലാത്ത ഗവൺമെൻറ് ഡിസ്പെൻസറികൾ

64 [82] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട മലപ്പട്ടം നട്ടുവാൻ ഗവൺമെൻറ് ഡിസ്പെൻസറികളിലും ചന്ദനക്കാംപാറ പ്രൈമറി ഹെൽത്ത് സെൻററിലും കഴിഞ്ഞ രണ്ടു മാസത്തിലേറെയായി ഡോക്ടർമാരില്ലെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഡിസ്പെൻസറികളിലേക്ക് ഡോക്ടർമാരെ നിയമിച്ചുവോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലപ്പട്ടം, നട്ടുവാൻ എന്നീ ഗവൺമെൻറ് ഡിസ്പെൻസറികളിലേക്ക് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ചന്ദനക്കാംപാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മലപ്പട്ടം ഗവൺമെൻറ് ഡിസ്പെൻസറിയിലെ ഡോക്ടർക്ക് ചാർജ്ജ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly